## 798

*രീതി: മഹിമയെഴും പരമേശ*

മരിസുതനാം മനുവേലാ! മഹിയിലെനിക്കനുകൂലാ!

1 മരണദിനം വരെ മാമക സഖി നീ
ശരണമിനിയും നിൻപാദം തരണമെനിക്കതുമോദം-

2 മരുഭൂവാസമേ ജീവിതമോർക്കിൽ
തിരുമുഖകാന്തിയൊന്നല്ലാതൊരുസുഖമിന്നെനിക്കില്ല-

3 കരുമനകൾ തരും കണ്ണുനീർ കണങ്ങൾ
കരുണയെഴും തവ കരങ്ങൾ കരുതുകിൽ തൂമുത്തു ഗണങ്ങൾ-

4 ആകുലസിന്ധുവിൽ താഴുകിലന്നു
സ്വീകരിക്കന്തികേ വന്നു ശ്രീകരമാം കരം തന്നു-

**M.E.C.**